ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:28.08.2024**

## പ്രധാനവാർത്തകൾ

1. **പ്രധാൻ മന്ത്രി ജൻധൻ യോജനയ്ക്ക് ഇന്ന് പത്ത് വയസ് ; പദ്ധതി വൻ വിജയമെന്ന് ഗുണഭോക്താക്കളെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.**

2. **കോളറക്കെതിരെയുള്ള വാക്സിൻ തദ്ദേശീയമായി വികസിപ്പിച്ച് ഇന്ത്യ.**

3. **ഹേമാ കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിക്കുന്ന യഥാർത്ഥ കുറ്റവാളികൾ ആരാണെന്ന് സർക്കാർ മറച്ചുവെക്കുന്നുവെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ; യുവ നടിയുടെ പരാതിയിൽ നടൻ സിദ്ദിഖിനെതിരെ പൊലീസ് കേസെടുത്തു.**

4. **ജാതിമേൽക്കോയ്മക്കെതിരെ പടനയിച്ച മഹാത്മാവാണ് അയ്യൻകാളിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

5. **സംസ്ഥാനത്ത് മഴ തുടരുന്ന സാഹചര്യത്തിൽ വടക്കൻ ജില്ലകളിൽ ജാഗ്രതാ നിർദ്ദേശം ; കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ; സൗരാഷ്ട്ര, കച്ച് മേഖലകളിൽ അതിശക്ത മഴയ്ക്ക് സാധ്യത.**

6. **2024 പാരീസ് പാരാലിമ്പിക്സ് ഗെയിംസിന് ഇന്ന് തുടക്കം ; ഇന്ത്യയെ പ്രതിനിധീകരിച്ച് 84 കായിക താരങ്ങൾ.**

RNU TVPM

****************************

ഹെഡ് ലൈൻ -2

## കോളറ വാക്സിൻ

കോളറക്കെതിരെയുള്ള വാക്സിൻ വികസിപ്പിച്ച് ഹൈദരാബാദിലെ ഭാരത് ബയോടെക് ഇന്റർനാഷണൽ ലിമിറ്റഡ്. ഹിൽക്കോൽ എന്നാണ് വാക്സിന് പേര് നൽകിയിരിക്കുന്നത്. ആഗോളതലത്തിൽ കോളറ ഉന്മൂലനം ചെയ്യുന്നതിന്റെ ഭാഗമായി വലിയതോതിൽ വാക്സിൻ നിർമിക്കാനാണ് ലക്ഷ്യം. ഒരു വയസിന് മുകളിൽ പ്രായമുള്ള കുട്ടികൾക്കാണ് വാക്സിൻ നൽകുന്നത്. ആഗോളതലത്തിൽ 40 മില്യൺ ഡോസ് വാക്സിന്റെ കുറവാണ് നിലവിലുള്ളത്. കഴിഞ്ഞ വർഷത്തിനിടെ 31 രാജ്യങ്ങളിലായി 5,900 പേരാണ് കോളറ ബാധിച്ച് മരിച്ചത്.

***************************

## എംപോക്സ്

വിവിധ രാജ്യങ്ങളിൽ എംപോക്സ് വ്യാപനം തുടരുന്ന സാഹചര്യത്തിൽ സുരക്ഷാനടപടികൾ ഊർജ്ജിതമാക്കുന്ന തിന്റെ ഭാഗമായി ഇന്ത്യ തദ്ദേശീയമായി RT-PCR പരിശോധന കിറ്റ് വികസിപ്പിച്ചു. സീമെൻസ് ഹെൽത്ത്നീർ വികസിപ്പിച്ച ആർടി-പിസിആർ ടെസ്റ്റിന് സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ അംഗീകാരം നൽകി. 40 മിനിറ്റിനുള്ളിൽ ഫലം ലഭ്യമാക്കുന്നതാണ് പുതിയ പരിശോധന കിറ്റ്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, 2022 മുതൽ 116 രാജ്യങ്ങളിൽ നിന്നായി എംപോക്സ് വ്യാപനത്തെത്തുടർന്ന് തൊണ്ണൂറ്റിയൊൻപതിനായിരത്തിലധികം കേസുകളും 208 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

***************************

ഹെഡ് ലൈൻ -1

## പ്രധാൻ മന്ത്രി ജൻ ധൻ യോജന.. ഇൻട്രോ

പ്രധാൻ മന്ത്രി ജൻ ധൻ യോജന വിജയകരമായി നിലവിൽ വന്നിട്ട് ഇന്ന് ഒരു ദശാബ്ദം. പദ്ധതിയുടെ എല്ലാ ഗുണഭോക്താ

ക്കളെയും അഭിനന്ദിച്ച പ്രധാനമന്ത്രി, പദ്ധതി വിജയിപ്പിച്ചവർക്ക് നന്ദി അറിയിച്ചു. **ഒരു റിപ്പോർട്ട്......**

(വോയ്സ്)

*സാമ്പത്തിക ഉൾച്ചേർക്കൽ മെച്ചപ്പെടുത്തുന്നതിലും, കോടിക്കണക്കിന് ജനങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും യുവാക്കൾക്കും പാർശ്വവൽകൃത സമൂഹങ്ങൾക്കും അന്തസ്സ് ഉറപ്പാക്കുന്നതിലും ജൻധൻ യോജന വലിയ പങ്കു വഹിക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. 2014 ഓഗസ്റ്റ് 28-നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി പദ്ധതി ഉദ്ഘാടനം ചെയ്തത്. ജൻധൻ അക്കൗണ്ടുകൾ തുറന്നതിലൂടെ രാജ്യത്ത് **53 കോടി** ജനങ്ങളെ ഔപചാരിക ബാങ്കിംഗ് സംവിധാനത്തിലേക്ക് കൊണ്ടുവന്നു. **2.3 ലക്ഷം കോടി** രൂപയുടെ നിക്ഷേപ ബാലൻസ് ഈ ബാങ്ക് അക്കൗണ്ടുകളിലൂടെ നേടിയിട്ടുണ്ട്. അക്കൗണ്ട് തുറക്കൽ ഫീസോ മെയിന്റനൻസ് ചാർജുകളോ ഇല്ല, മിനിമം ബാലൻസ് നിലനിർത്തേണ്ട ആവശ്യവുമില്ല എന്നത് കൂടുതൽ ജനങ്ങളെ പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നതിന് കാരണമായെന്നാണ് വിലയിരുത്തൽ. ന്യൂസ് ഡസ്ക്, ആകാശവാണി...*

****************************

## ഇന്ത്യ-ചിലി

രണ്ടാമത് ഇന്ത്യ- ചിലി സംയുക്ത കമ്മീഷൻ യോഗത്തിൽ പങ്കെടുക്കുന്നതിനായി ചിലി വിദേശകാര്യമന്ത്രി ആൽബർട്ടോ വാൻ ക്ലവേരൻ ഇന്നലെ ന്യൂഡൽഹിയിൽ എത്തി. വിദേശകാര്യമന്ത്രി എസ് ജയ്ശങ്കറും, ചിലി വിദേശകാര്യമന്ത്രിയും യോഗത്തിൽ സഹാദ്ധ്യക്ഷന്മാരാകും. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിന്റെ പുരോഗതി വിലയിരുത്താനും ബന്ധം ശക്തിപ്പെടുത്താനും യോഗം വഴിയൊരുക്കുമെന്നാണ് കണക്കാക്കുന്നത്.

****************************

ഹെഡ് ലൈൻ -3(എ)

## വിഡി സതീശൻ - ഹേമ കമ്മിറ്റി

ഹേമാ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിനിമ മേഖലയിൽ ഉയർന്നുവരുന്ന ആരോപണങ്ങളുമായി ബന്ധപ്പെട്ട് യഥാർത്ഥ കുറ്റവാളികൾ ആരാണെന്ന് സർക്കാർ മറച്ചുവെക്കുന്നുവെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. അതിനാലാണ് നിരപരാധികൾ പോലും അപമാനിക്കപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുള്ളതെന്ന് അദ്ദേഹം ആരോപിച്ചു. മലപ്പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു വിഡി സതീശൻ. കമ്മീഷൻ പറഞ്ഞതിലധികം പേജുകൾ സർക്കാർ മറച്ചുവെച്ചുവെന്ന് വിമർശിച്ച പ്രതിപക്ഷനേതാവ്, ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ എന്തുകൊണ്ട് സർക്കാർ അന്വേഷണം നടത്തുന്നില്ലെന്നും ചോദിച്ചു.

***************************

TJ YPN

ഹെഡ് ലൈൻ -3(ബി)

## സിദ്ദിഖ് കേസ്

യുവ നടിയുടെ പരാതിയിൽ നടൻ സിദ്ദിഖിനെതിരെ തിരുവനന്തപുരം മ്യൂസിയം പൊലീസ് കേസെടുത്തു. 2016 ൽ തിരുവനന്തപുരത്തെ ഹോട്ടലിൽ വെച്ച് സിദ്ദിഖ് പീഡിപ്പിച്ചെന്നാണ് പരാതി. പരാതി പ്രത്യേക സംഘത്തിന് കൈമാറും. വെളിപ്പെടുത്തലിന് പിന്നാലെ സിദ്ദിഖ് A M M A ജനറൽ സെക്രട്ടറി സ്ഥാനം രാജി വെച്ചിരുന്നു. ഹേമ കമ്മറ്റി റിപ്പോർട്ടിന് പിന്നാലെയുണ്ടായ ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ മലയാള താരസംഘടനയായ A.M.M.A യുടെ ഭരണസമിതി പിരിച്ചുവിട്ടു. പ്രസിഡന്റ് മോഹൻലാൽ ഉൾപ്പെടെയുള്ള മുഴുവൻ ഭരണസമിതി അംഗങ്ങളും ഇന്നലെ രാജിവച്ചു. പുതിയ ഭരണ സമിതിയെ തെരെഞ്ഞെടുക്കുന്നതുവരെ അഡ് ഹോക്ക് കമ്മിറ്റിക്കാണ് ചുമതലയെന്നും മോഹൻലാൽ വ്യക്തമാക്കി.

***************************

### കെഎൻ ബാലഗോപാൽ - എം. മുകേഷ്

ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതിന് പിന്നാലെ ഉയരുന്ന ലൈംഗികാതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ നടനും, കൊല്ലം എം.എൽ.എയുമായ എം. മുകേഷിനെ സിനിമാ നയരൂപീകരണ സമിതിയിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് ചുമതലപ്പെട്ടവർ മറുപടി നൽകുമെന്ന് മന്ത്രി കെ.എൻ. ബാലഗോപാൽ. ആരോപണങ്ങളിൽ പാർട്ടിയും സർക്കാരും പ്രതിരോധത്തിലാകില്ലെന്ന് അദ്ദേഹം കൊട്ടാരക്കരയിൽ പറഞ്ഞു. ആരോപണങ്ങളിൽ നിയമപരമായ നടപടികളാണ് സ്വീകരിക്കുന്നതെന്നും ഒളിച്ചോടിപോകുന്ന സമീപനമല്ല സർക്കാരിന്റേതെന്നും മന്ത്രി വ്യക്തമാക്കി.

*****************************

### രാജീവ് ചന്ദ്രശേഖർ

സുരക്ഷിതമായ തൊഴിലിടവും തൊഴിലന്തരീക്ഷവും സൃഷ്ടിക്കുന്നതിൽ സിനിമാ മേഖലയിലെ A.M.M.A ഉൾപ്പെടെയുള്ള സംഘടനകൾ പരാജയപ്പെട്ടെന്ന് മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ. സിനിമാ പ്രവർത്തകരായ സ്ത്രീകളെ സംരക്ഷിക്കേണ്ടത് സംഘടനയുടെ ബാധ്യതയായിരുന്നുവെന്നും എന്നാൽ അക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയില്ലെന്നും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു. കേരളത്തിലെ സിനിമാ വ്യവസായത്തിലെ അധികാരത്തിന്റെ അസമത്വങ്ങൾ ഹേമകമ്മിറ്റി തുറന്നുകാട്ടിയെന്ന് പറഞ്ഞ രാജീവ് ചന്ദ്രശേഖർ, റിപ്പോർട്ടിലെ ആരോപണങ്ങൾ വേഗത്തിലും സുതാര്യമായും അന്വേഷിച്ച് കുറ്റവാളികൾക്ക് കർശന ശിക്ഷ ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ടു.

*****************************

### കെജ് രിവാൾ

മദ്യ എക്സൈസ് നയ അഴിമതിയുമായി ബന്ധപ്പെട്ട സിബിഐ കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി സെപ്റ്റംബർ മൂന്ന് വരെ നീട്ടി. ഡൽഹി റൗസ് അവന്യൂ കോടതിയാണ് കസ്റ്റഡി കാലാവധി നീട്ടിയത്. തിഹാർ ജയിലിൽ

നിന്ന് വീഡിയോ കോൺഫറൻസിങ് മുഖേനയാണ് കെജ്രിവാളിനെ കോടതിയിൽ ഹാജരാക്കിയത്.

****************************

## വഖഫ് ഭേദഗതി

വഖഫ് ഭേദഗതി ബില്ലിനെപ്പറ്റി സംയുക്ത പാർലമെന്ററി സമിതി, പൊതു ജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വിദഗ്ധരിൽ നിന്നും നിർദേശങ്ങൾ ക്ഷണിച്ചു. ഇംഗ്ലീഷിലോ ഹിന്ദിയിലോ തയ്യാറാക്കിയ നിർദേശങ്ങളുടെ രണ്ട് കോപ്പികൾ വീതം തപാലിലോ ഇ-മെയിലിലോ 15 ദിവസത്തിനകം നൽകേണ്ടതാണ്.

****************************

ഹെഡ് ലൈൻ -4

## അയ്യങ്കാളി - ജയന്തി

കേരള സമൂഹത്തിന്റെ നവോഥാനത്തിനായി പ്രവർത്തിച്ച സാമൂഹിക പരിഷ്കർത്താവായിരുന്ന മഹാത്മാ അയ്യങ്കാളിയുടെ 161-ാം ജയന്തി ഇന്ന്. ജയന്തിയോടനുബന്ധിച്ച് വിപുലമായ പരിപാടികളാണ് സംസ്ഥാനത്ത് സംഘടിപ്പിച്ചിരിക്കുന്നത്. രാവിലെ തിരുവനന്തപുരം വെള്ളയമ്പലത്തെ അയ്യങ്കാളി പ്രതിമയിൽ മന്ത്രിമാരായ ഒ ആർ കേളു, വി.ശിവൻകുട്ടി, ജി ആർ അനിൽ തുടങ്ങിയവർ പുഷ്പാർച്ചന നടത്തി. അദ്ദേഹത്തിന്റെ ജന്മനാടായ വെങ്ങാന്നൂരിൽ അടുത്തമാസം 16 വരെ നീളുന്ന വിവിധ ആഘോഷപരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്. ജാതിമേൽക്കോയ്മക്കെതിരെ സ്വന്തം ജീവിതംകൊണ്ട് പടനയിച്ച മഹാത്മാവാണ് അയ്യൻകാളിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു.

****************************

ഹെഡ് ലൈൻ -5(എ)

**മഴ**

സംസ്ഥാനത്ത് മഴ തുടരുന്ന സാഹചര്യത്തിൽ ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. നാളെ കോഴിക്കോട്ടും കണ്ണൂരും ഓറഞ്ചു ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

***************************

ഹെഡ് ലൈൻ -5 (ബി)

**ഗുജറാത്ത് മഴ ജാഗ്രത**

സൗരാഷ്ട്ര കച്ച് മേഖലകളിൽ അതിശക്ത മഴയ്ക്ക് സാധ്യതയുള്ളതിനാൽ അടുത്ത 48 മണിക്കൂറിനുള്ളിൽ ഗുജറാത്തിലെ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ചുവപ്പ ജാഗ്രത പ്രഖ്യാപിച്ചു. മധ്യ ഗുജറാത്തിലെയും തെക്കൻ ഗുജറാത്തിലെയും ജില്ലകളിൽ ഓറഞ്ച് ജാഗ്രതാ നിർദേശവും നൽകിയിട്ടുണ്ട്. അഹമ്മദാബാദ്, വഡോദര ഉൾപ്പെടെയുള്ള ജില്ലകളിൽ വെള്ളപ്പൊക്ക സാധ്യതയുണ്ടെന്നും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്ന 23,000 ത്തിലധികം ആളുകളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. മോശം കാലാവസ്ഥ തുടരുന്നതിനാൽ അഹമ്മദാബാദ്, രാജ്കോട്ട് വഴിയുള്ള ട്രെയിൻ സർവ്വീസുകളും റദ്ദാക്കിയിട്ടുണ്ട്.

***************************

ഹെഡ് ലൈൻ -6

**പാരീസ് പാരാലിമ്പിക്സ്**

2024 പാരീസ് പാരാലിമ്പിക്സ് ഗെയിംസിന് ഇന്ന് തുടക്കമാകും. ഇന്ത്യൻ സമയം രാത്രി 11.30 നാണ് ഉദ്ഘാടന ചടങ്ങുകൾ. ഇതാദ്യമായാണ് ഒരു സമ്മർ പാരാലിമ്പിക്സിന് ഫ്രാൻസ് വേദിയാകുന്നത്. ഇന്ത്യയെ പ്രതിനിധീകരിച്ച് 84 കായിക താരങ്ങളാണ് ഇത്തവണ പാരാലിമ്പിക്സിൽ മാറ്റുരയ്ക്കുന്നത്.

പാരാലിമ്പിക് ചരിത്രത്തിലെ ഇന്ത്യയുടെ ഏറ്റവും വലിയ സംഘമാണ് ഇത്തവണത്തേത്. 38 ഇന്ത്യൻ അത്ലറ്റുകൾ പങ്കെടുക്കുന്ന പാരാ അത്ലറ്റിക്സ് മത്സരങ്ങൾക്ക് ഓഗസ്റ്റ് 30 ന് തുടക്കമാകും. സെപ്റ്റംബർ 8 വരെയാണ് പാരീസ് പാരാലിമ്പിക്സ് അരങ്ങേറുന്നത്.

****************************

## ലോക അത്ലറ്റിക്സ്

ലോക അത്ലറ്റിക്സ് അണ്ടർ-20 ചാമ്പ്യൻഷിപ്പിൽ, ഇന്ത്യയുടെ ജയ് കുമാർ, നീരു പഥക്, റിഹാൻ ചൌധരി, സാന്ദ്രമോൾ സാബു എന്നിവർക്ക് 4 x 400 മീറ്റർ മിക്സഡ് റിലേ ഫൈനൽ യോഗ്യത. 20 ടീമുകളിൽ മൂന്നാമതെത്തിയ ഇന്ത്യ, ഒന്നാം ഹീറ്റ്സിൽ രണ്ടാം സ്ഥാനത്തോടെ സീസണിലെ മികച്ച പ്രകടനമാണ് കാഴ്ച വെച്ചത്.

****************************

## വനിതാ കമ്മീഷൻ

എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിച്ച് സർക്കാറിന് റിപ്പോർട്ട് നൽകുമെന്ന് വനിതാ കമ്മീഷൻ അദ്ധ്യക്ഷ പി സതീദേവി. കാസർഗോഡ് നടത്തിയ പബ്ലിക് ഹിയറിംഗ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

****************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 203 പോയിന്റ് നേട്ടത്തിൽ 81,915 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 69 പോയിന്റ് ഉയർന്ന് 25,087 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണ വിലയിൽ വർദ്ധന. ഗ്രാമിന് 21 രൂപ വർദ്ധിച്ച് 6,715 രൂപയും പവന് 53,720 രൂപയുമാണ് ഇന്നത്തെ വില.

*****************************************************************************